# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2983** **18-10-2016-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.ജെ.മാക്സി | | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ പ്രധാന ഇടപാടായ ചിട്ടി ജനകീയമാക്കുന്നതിന് സവിശേഷ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. 2016 നവംബർ മാസത്തിൽ പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള പുതിയ ചിട്ടി പദ്ധതിയ്ക്ക് പ്രാരംഭം കുറിക്കുന്നതാണ്. റിസർവ് ബാങ്കിന്റെ 'ഫെമ' നിയമത്തിൽ ഉണ്ടായ ഭേദഗതിയെ ആസ്പദമാക്കിയാണ് ഈ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ഇതുകൂടാതെ നിലവിലെ വായ്പാപദ്ധതികൾ വിപുലപ്പെടുത്തുന്നതിനായി വായ്പാമേളകൾ സംസ്ഥാനത്തൊട്ടാകെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തിലും സാധ്യതകൾക്കനുസരിച്ച് ശാഖകൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ശാഖാ വികസനം നടപ്പാക്കിവരുന്നു. സമ്പൂർണ്ണകമ്പ്യൂട്ടർവത്ക്കരണം ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. ബാങ്കുകളുമായി സഹകരിച്ച് ഇടപാടുകാരുടെ ചിട്ടി അടവിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇടപാടുകാർക്ക് നല്ല സേവനം നൽകുന്നത് സംബന്ധിച്ച് പ്രത്യേക പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ യിൽ സമ്പൂർണ്ണ കോർ-ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കോർബാങ്കിങ്ങ് സംവിധാനം ത്വരിതഗതിയിൽ നടപ്പാക്കിവരികയാണ്. 217 ശാഖകളിൽ 'കസബ' എന്ന പേരുള്ള കോർബാങ്കിങ്ങ് സോഫ്റ്റ് വെയർ പ്രവർത്തിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തോടെ മുഴുവൻ ശാഖകളും കോർബാങ്കിങ്ങ് സംവിധാനത്തിനു കീഴിൽ പ്രവർത്തന സജ്ജമാകുന്നതാണ്. |
| (സി) | കെ.എസ്.എഫ്.ഇ യിൽ പ്രവാസി ചിട്ടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക വെർച്വൽ ബ്രാഞ്ചുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇതുവഴി എത്ര കോടി രൂപയുടെ സമാഹരണമാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ആരംഭിച്ചിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷം തന്നെ പ്രവാസികൾക്കായി പുതിയ ചിട്ടി പദ്ധതിയ്ക്ക് പ്രാരംഭം കുറിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.